**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5517** **24-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ സൈബർ കുറ്റകൃത്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നിന്നും സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് കമ്മീഷണർ ഓഫീസുകളിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത പരാതികളിൻമേൽ സ്വീകരിച്ച നടപടികളെയും സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നിന്നും സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് കമ്മീഷണർ ഓഫീസുകളിൽ പരാതികൾ ലഭിച്ചിട്ടില്ല. |
| (ബി) | പൊതു വിദ്യാലയങ്ങളിൽ സൈബർ കുറ്റകൃത്യം, സൈബർ ആക്രമണം എന്നിവ ഒഴിവാക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന വിശദവിവരം ലഭ്യമാക്കാമോ? | (ബി) | സൈബർ ഇടങ്ങളിൽ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള വിവിധ ബോധവൽക്കരണ പരിപാടികൾ പൊതു വിദ്യാലയങ്ങളിൽ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ടുമായി ചേർന്ന് കേരളത്തിലെ 14 ജില്ലകളിലെ 979 സ്കൂളുകളിലെ 1996 അധ്യാപകർക്ക് പരിശീലനം നൽകി. ഇവരിലൂടെ 22667 വിദ്യാർത്ഥികൾക്കും, 1771 അധ്യാപകർക്കും, 3903 രക്ഷിതാക്കൾക്കും സൈബർ ബോധവൽക്കരണം നടത്തിയിട്ടുണ്ട്. കൂടാതെ കേരള പോലീസിന്റെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ വഴിയും വിവിധ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും സൈബർ ബോധവൽക്കരണ വീഡിയോകളും പോസ്റ്ററുകളും പ്രദർശിപ്പിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ